**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1159** **31-01-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പള്ളിക്കര ഫിഷർമെൻ കോളനി നിവാസികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് സമുച്ചയത്തിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ കോളനിയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസപ്പിക്കണമെന്നുള്ള ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് 08.09.2023-ൽ ടി കോളനിയിൽ പുനർഗേഹം പദ്ധതിയുടെ വിശദീകരണവും വീടുകൾ തോറും സന്ദർശിച്ചിട്ടുള്ള സർവ്വേയും നടത്തുകയുണ്ടായി. പ്രസ്തുത കോളനിയിൽ 36 വീടുകളിലായി ആകെ 39 കുടുംബങ്ങളാണ് നിലവിൽ താമസിക്കുന്നത് (23 സ്വന്തം വീടുകൾ, 13 വാടക വീടുകൾ). ഇവരിൽ 23 കുടുംബങ്ങൾ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുവാൻ താല്പര്യം പ്രകടിപ്പിക്കുകയും 6 കുടുംബങ്ങൾ വിസമ്മതം അറിയിക്കുകയും ബഹു.മന്ത്രിക്ക് അപേക്ഷ കൊടുത്തവരിൽ 10 കുടുംബങ്ങൾ വാടകയ്ക്ക് താമസിക്കുന്നവരാണ്. അവരെ പുനർഗേഹം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. അപേക്ഷ കൊടുത്തവരിൽ ഉൾപ്പെടുന്ന വേളാങ്കണ്ണി രാജു എന്നയാൾക്ക് സ്വന്തമായി വീടോ സ്ഥലമോ ഇല്ല എന്നതിനാൽ പുനർഗേഹം പദ്ധതിയുടെ മാനദണ്ഡ പ്രകാരം അർഹനല്ല. ഇവരുടെ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് പരിശോധിക്കുന്നതാണ്.<br><br>ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13.09.2023-ന് വൈകിട്ട് 3 മണിക്ക് മിഷൻ കോളനിയിൽ വെച്ച് ഒരു യോഗം നടത്തുകയുണ്ടായി. വാടകയ്ക്ക് താമസിക്കുന്നവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ മാത്രമേ പുനരധിവാസത്തിന് തയ്യാറാകൂ എന്ന് ടി മീറ്റിംഗിൽ കോളനി നിവാസികൾ അറിയിച്ചിട്ടുണ്ട്. മാത്രമല്ല അവരെ കോളനിയിൽ നിന്നും മാറ്റി താമസിപ്പിക്കേണ്ട |

| | | | |
|---|---|---|---|
| | | | സാഹചര്യമുണ്ടായാൽ വള്ളം, വല, എഞ്ചിൻ മുതലായവയ്ക്ക് സംരക്ഷണം ഒരുക്കുന്ന രീതിയിൽ ഒരു ഷെൽട്ടർ നിർമ്മിക്കേണ്ടത് അനിവാര്യമാണ് എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ബീച്ച് റോഡ്, ഭജന മന്ദിരത്തിന് സമീപമുള്ള 1.85 ഏക്കർ സ്ഥലമാണ് പുനരധിവാസത്തിനായുള്ള ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി പരിഗണിക്കുന്നത്. ഇതു സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (ബി) | ഫ്ലാറ്റ് നിർമ്മാണത്തിനായി പള്ളിക്കര ബീച്ച് റോഡ് ഭജന മന്ദിരത്തിന് സമീപമുള്ള R.S. No-95/29-ൽപെട്ട 1.85 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടി ആരംഭിക്കുന്നതിനായി ജില്ലാ ഫിഷറീസ് ഓഫീസർ നൽകിയ പ്രപ്പോസലിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | 25.11.2023-ന് ചേർന്ന കാസർഗോഡ് ജില്ലാ വികസന സമിതി യോഗത്തിൽ ടി പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുവാൻ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം ലഭിച്ചിരുന്നു. മേൽ തീരുമാനപ്രകാരം ടി പദ്ധതിയ്ക്കായി പരിഗണിക്കുന്ന പള്ളിക്കര ബീച്ച് റോഡ് ഭജന മന്ദിരത്തിന് സമീപമുള്ള റീ സർവ്വെ 95/29-ൽപ്പെട്ട 1.85 ഏക്കർ ഭൂമിയുടെ വാല്യൂഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഹോസ്ദുർഗ്ഗ് തഹസീൽദാരോട് അഭ്യർത്ഥിച്ചിരുന്നു. ആയത് പ്രകാരം 1 ആർ-ന് രണ്ട് ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ് രൂപയാണ് വില നിർണ്ണയിച്ചിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് തുടർനടപടികൾക്കും നിർദ്ദേശങ്ങൾക്കുമായി കാസർഗോഡ് ജില്ലാ ഫിഷറീസ് ഓഫീസർ ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പുനർഗേഹം പദ്ധതി പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിലേക്കായി പ്രാഥമികമായി ഭൂമിയുടെ അനുയോജ്യത സംബന്ധിച്ച് ഐ.ഡി.റ്റി. (Inter Departmental Team) പരിശോധന നടത്തി വിശദമായ റിപ്പോർട്ടും ടി സ്ഥലത്ത് ഉൾക്കൊള്ളാൻ കഴിയുന്ന ഫ്ലാറ്റുകളുടെ എണ്ണം, ഫ്ലാറ്റിലേക്ക് മാറുന്നതിന് താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള പുനർഗേഹം ഗുണഭോക്താക്കളുടെ എണ്ണം, മറ്റ് ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ഉൾപ്പെട്ട വിശദമായ പ്രൊപ്പോസൽ അടിയന്തരമായി ലഭ്യമാക്കുവാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡിന് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ